"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-ചാവക്കാട് ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II ശ്രീ.മുഹമ്മദാലി.പി.എ യ്ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.39/2026/LBR തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:- 1. സ.ഉ. (പി) നം. 112/2017/ധന, തീയതി 24.08.2017.

2. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II ശ്രീ.മുഹമ്മദാലി.പി.എ യുടെ 22.11.2022 ലെ അവധി അപേക്ഷ.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 27.12.2024, 07.07.2025 ലെ ഇ3-358/2023/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ചാവക്കാട് ഇ.എസ്. ഐ ഡിസ്പെൻസറിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II ശ്രീ.മുഹമ്മദാലി.പി.എ 29.06.2022 ൽ ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് പോകുന്ന സമയത്ത് റോഡപകടത്തിൽപ്പെട്ട് പരിക്കേറ്റതിനെ തുടർന്ന് ജോലിയ്ക്ക് ഹാജരാകാതിരുന്ന 30.06.2022 മുതൽ 04.10.2022 വരെയുള്ള 97 ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ചാവക്കാട് ഇ.എസ്. ഐ ഡിസ്പെൻസറിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II ശ്രീ.മുഹമ്മദാലി.പി.എയ്ക്ക് 30.06.2022 മുതൽ 04.10.2022 വരെ, കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.

ശ്രീ.മുഹമ്മദാലി.പി.എ, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (18.11.2025 ലെ 3308606/LBR-1/246/2025-FIN പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajish Kumar A
Date: 13-01-2026 10:19:48

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.